മിസ്റ്റർ ഡി. രാഘവേന്ദ്രറാവു.—അതെന്തോ. ആസ്പത്രിയിൽ ഇരുന്നിരുന്നകാലത്തു് അയാൾ സ്വന്ത ചിലവുമേലാണു് ഭക്ഷണം കഴിച്ചിരുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ.—അയാൾ സാധുവായിരുന്നില്ലേ?

മിസ്റ്റർ ഡി. രാഘവേന്ദ്രറാവു.—സാധുവായിരുന്നുവൊ, ഇല്ലയൊ, സാധുവെന്നപദം റിലേററിവാണു്.

മിസ്റ്റർ കെ. അയ്യപ്പൻ.—അയാൾക്കു് ഭക്ഷണത്തിനു് കൊടുക്കുവാൻമാത്രം അത്ര സാധുവായിരുന്നില്ലെ?

മിസ്റ്റർ ഡി. രാഘവേന്ദ്രറാവു.—അങ്ങിനെയാണെന്നതോന്നുന്നില്ല. Criminal പുള്ളികൾക്കു് അങ്ങനെ കൊടുക്കാറുമില്ല. ആകെ കൊടുങ്ങല്ലൂർ ആസ്പത്രിക്കു് ൫൦൦ രൂപയേ അനുവദിച്ചിട്ടുള്ളു. അതു് ഒരു കൊല്ലത്തേക്കുപോലും മതിയാകയില്ല. ഈ തുക കൊണ്ടുതന്നെയാണു് എല്ലാവക്കും ഭക്ഷണവും മറ്റും കൊടുക്കേണ്ടതു്.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇയാൾ സാധുവല്ലാഞ്ഞിട്ടോ പണം തികയാതിരുന്നിട്ടോ ഇയാൾക്കു ഭക്ഷണം കൊടുക്കാതിരുന്നതു്?

മിസ്റ്റർ ഡി. രാഘവേന്ദ്രറാവു.—രണ്ടുകാര്യംകൊണ്ടും.

അധഃകൃതവിദ്യാർത്ഥികൾക്കുള്ള പുസ്തകം സ്ലേറ്റ് കൊടുക്കുവാനുള്ള താമസം.

177. മിസ്റ്റർ കെ. പി. വള്ളോൻ.—(ക) അധഃകൃത വിദ്യാർത്ഥികൾക്കു് ഗവമ്മെണ്ടിൽ നിന്നും സൌജന്യമായി നൽകുന്ന പുസ്തകം, സ്ലേറ്റ്, മുതലായവ സ്കൂൾ തുറന്നിട്ടു് ഒന്നര മാസമായിട്ടും, ഇനിയും കൊടുത്തിട്ടില്ലാത്തതെന്തുകൊണ്ടാണു്;

(ഖ) ഈ കൊല്ലം പുസ്തകങ്ങൾ മുതലായവ കൊടുക്കുവാൻ കൺട്രാക്ടു് നൽകിയിരിക്കുന്നതാർക്കാണു്.

(ഗ) പുസ്തകം, സ്ലേറ്റു് മുതലായവ അതാതു സ്കൂൾകാരോടു് നേരിട്ടു് ഷാപ്പുകളിൽ നിന്നും വാങ്ങിക്കൊൾവാൻ അധഃകൃത സംരക്ഷകൻ സർക്കുലറോ മറ്റോ അയച്ചിട്ടുണ്ടോ;

(ഘ) ഉണ്ടെങ്കിൽ എന്തുകൊണ്ടാണു് പഴയപോലെ കൺട്രാക്ടു് നൽകാതെ ഇങ്ങിനെ ഒരു പുതിയ ഉത്തരവു് അയക്കുവാൻ ഇടയായതു്;

(ങ) ടെണ്ടർ പ്രകാരം കൺട്രാക്ടു് കൊടുക്കുന്നതുകൊണ്ടു് ഗവമ്മെണ്ടിലേക്കു് കുറച്ചു് ആദായം ഉണ്ടാകുമായിരുന്നില്ലേ;

(ച) അധഃകൃതർക്കായി നൽകുന്ന വസ്തുക്കൾ വാങ്ങി കൊടുക്കുവാൻ ആരെയാണു് സംരക്ഷകൻ ഏല്പിച്ചിട്ടുള്ളതു്;

(ഛ) ഈ കൺട്രാക്ടു് നൽകുന്നതിനു മുമ്പു് ടെണ്ടർ പരസ്യം ചെയ്തു് ടെണ്ടർ ആവശ്യപ്പെട്ടിട്ടുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

(ഖ) ഇപ്പോഴത്തെ കൺടാക്ടറെ അദ്ദേഹം നെട്ടൂർ ഉള്ളാട കാളനിയുടെ പണി ഏല്പിച്ചിരുന്നുവോ;

(ങ) അദ്ദേഹത്തെ പറവ കാളനി നിവാസികൾ വല്ല ആക്ഷേപവും ദിവാന്റെ മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഒരു കാപ്പി അച്ചടിച്ചു് മേശപ്പുറത്തു വയ്ക്കുമോ; ഇതിന്മേൽ സർക്കാർ എന്തു നടപടി നടത്തി;

(ച) ഉള്ളാട കാളനിയിലെ കൺടാക്ടു്. അധീകൃതരിൽ വല്ലവരും ആവശ്യപ്പെട്ടിരുന്നോ;

ഉണ്ടായിരുന്നെങ്കിൽ അവക്കു നൽകാതിരുന്നതിനു് വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ; കൺടാക്ടു് ഏല്പിക്കപ്പെട്ടതിനു മുമ്പു് സർക്കാരിൽ നിന്നും വല്ല കൺടാക്ടുകളും ഏറെറടുത്തു് നടത്തിട്ടുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—ക. പുസ്തകത്തിനും മറ്റും ഇൻറണ്ടു് കിട്ടിയതനുസരിച്ചു് ചില സ്കൂളുകളിൽ പുസ്തകങ്ങൾ മുതലായവ കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. ബാക്കിയുള്ള സ്കൂളുകളിൽ കൊടുത്തുവരുന്നുണ്ടു്.

ഗ. ഈ കൊല്ലത്തിൽ സ്കൂൾ പുസ്തകങ്ങൾ മുതലായവ കൊടുക്കുവാൻ താഴെ പറയുന്നവരെ ഏല്പിച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| (ക) | ഹെഡ്മാസ്റ്റർ, | ഹൈസ്കൂൾ, | ഞാറക്കൽ |
| (ഖ) | ടി | ടി | ഒല്ലൂർ |
| (ങ) | ടി | ടി | ചാലക്കുടി |
| (ച) | ടി | ടി | കണ്ടശ്ശാങ്കടവു് |
| (ഛ) | ടി | ടി | കുന്ദംകുളം |
| (ജ) | ടി | ടി | തൃശ്ശിവപേരൂർ |
| (ഝ) | ടി | ടി | ഇരിങ്ങാലക്കുട |
| (ഞ) | ടി | ടി | ചിറ്റൂർ |
| (ട) | ടി | ടി | മുളന്തുരുത്തി |
| (ഠ) | ടി | ടി | പെരിങ്ങോട്ടുകര |
| (ഡ) | ടി | ടി | തുപ്പുണിത്തുറ |
| (ഢ) | ടി | ടി | എറണാകുളം |
| (ണ) | ടി | ടി | വടക്കാഞ്ചേരി |
| (ത) | ഹെഡ്മിസ്ട്രസ്, | ഗൈർൾസ് ഹൈസ്കൂൾ, | കൊട്ടങ്ങല്ലൂർ |
| (ഥ) | ടി | ടി | ഇരിങ്ങാലക്കുട |
| (ദ) | ടി | ടി | കുന്ദംകുളം |
| (ധ) | ടി | വിക്ടോറിയാ ഗൈർൾസ് സ്കൂൾ, | തൃശ്ശിവപേരൂർ. |

LIBRARY ARCHIVES Kerala Legislative Assembly

(൧൬) ഹെഡ്മാസ്റ്റ്സ് ഗൈൽസ് ഹൈസ്കൂൾ, എറണാകുളം.

(൧൭) ടി ടി തുപ്പുണിത്തുറ.

(൨൦) പ്രിൻസിപ്പാൾ, ശവമ്മെണ്ടു ടെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂഷൻ, തുശ്ശിവപേരൂർ.

(൨൧) മാനേജർ, ശ്രീരാമകൃഷ്ണഗുരുകുല വിദ്യാമന്ദിരം, തുശ്ശിവപേരൂർ.

(൨൨) ഹെഡ്മാസ്റ്റർ, എൽ. എസ്സ്. എസ്സ്., എളങ്കുന്നപ്പുഴ.

(൨൩) മിസ്റ്റർ വി. യു. വൈദ്യർ, സെക്രട്ടെരി, കൊച്ചി ലേബർ യൂണിയൻ.

(൨൪) ഹെഡ്മാസ്റ്റർ എൻ. എസ്സ്. എസ്സ്., കൊടകര.

൩. ഇല്ല.

൪. ഉത്തരം ആവശ്യമില്ല.

൫. ഇതിനെപ്പറ്റി ആലോചിക്കുന്നതാണ്.

൬. അധ്യക്ഷത വിദ്യാർത്ഥികൾക്ക് വസ്ത്രം നൽകുവാൻ താഴെ പറയുന്നവരെ ഏല്പിച്ചിരിക്കുന്നു.

(൧) ഹെഡ്മാസ്റ്റർ, R. I. S. വെള്ളിയനാട്

(൨) ടി ഞാറക്കൽ

(൩) ടി മരട്

(൪) ടി ചെറായി

(൫) ടി കാഞ്ഞൂർ

(൬) ടി കുമ്പളങ്ങി

(൭) ടി കൊടുങ്ങല്ലൂർ

(൮) ടി ഇരിങ്ങാലക്കുട

(൯) ടി താനിയം

(൧൦) ടി ഒല്ലൂർ

(൧൧) ടി മണലൂർ

(൧൨) ടി അന്തിക്കാട്

(൧൩) ടി കുന്നംകുളം

(൧൪) ടി പുതുവിരുത്തി

(൧൫) ടി ചേലക്കര

(൧൬) ടി ദേശമംഗലം

(൧൭) ടി വടക്കാഞ്ചേരി

(൧൮) ടി ചിറ്റൂർ

(൧൯) ടി നെന്മാറ

(൨൦) ഹെഡ്മാസ്റ്റർ, ജി. ടി. സ്കൂൾ, എറണാകുളം.

(൨൧) സൂപ്രണ്ട്, ടി. തുശ്ശിവപേരൂർ.

LIBRARY ARCHIVES Kerala Legislative Assembly

(൨൨) ഹെഡ്മാസ്റ്റേസ്, ജി. ഐ. സ്കൂൾ, തുടുവപ്പേ ശ്ശർ.

(൨൩) മിസ്റ്റർ കെ. കെ. ജോസഫ് ബി. എ., റിട്ടയേർഡ് സ്റ്റാമ്പ് സൂപ്രണ്ട്, പെരുമാന്തർ, എറണാകുളം.

൬. ഇല്ല.

൭. മിസ്റ്റർ കെ. കെ, ജോസഫ് കഴിഞ്ഞ കൊല്ലത്തിൽ നെട്ടർ ഉള്ളാട കാളനിയിൽ ചില പണികൾ നടത്തീട്ടുണ്ട്.

൮. ഉവ്വ്. ഹർജിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. അതിനെപ്പറ്റി അന്വേഷണങ്ങൾ നടത്തിയതിൽ ആക്ഷേപങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു കണ്ടിരിക്കുന്നു. (*Appendix III*).

൯. ഇല്ല. അദ്ദേഹം ഇതിനു മുമ്പ് ഗവർമ്മെണ്ടിൽ നിന്നു കൺട്രാക്ട് ഏറെടുത്തു നടത്തിയിട്ടുണ്ട്

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ. Contract നല്കിയിരിക്കുന്നതു് ആക്കാണു്? അവക്കു് contract ആണോ കൊടുത്തിരുന്നതു്?

മിസ്റ്റർ ഐ. എൻ. മേനോൻ.—Contract കൊടുത്തു, എന്നുപറയുന്നതു് supply ചെയ്യുവാൻ ഏല്പിച്ചു എന്നുള്ള അർത്ഥത്തിലാണു്. അതു് ഹെഡ്മാസ്റ്റർമാർ മുഖാന്തരമാണു് ഏല്പിച്ചിട്ടുള്ളതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—മാസ്റ്റർമാരല്ലാത്ത വല്ലവരേയും ഏല്പിച്ചിട്ടുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—ആ കാര്യത്തിൽ ഉണ്ടോ എന്നു നിശ്ചയമില്ല. വേറെ ഒരു കാര്യത്തിലുമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—മിസ്റ്റർ വി. യു. വൈദ്യൻ സംരക്ഷകന്റെ അധികാരത്തിൽ നടത്തിയിരുന്ന ഒരു പത്രത്തിന്റെ പത്രാധിപരായിരുന്നില്ലേ?

മിസ്റ്റർ ഐ. എൻ. മേനോൻ.—നോട്ടീസു് വേണം.

## Survey in connection with the Pothundy and other Irrigation Schemes in Nemmara Firkah.

**178. Mr. K. G. Nayar.**—Will the Government be pleased to state:—

(a) whether the preliminary surveys in connection with the Pothundy and other irrigation schemes in Nemmara Firkah are over;

(b) at what stage do they stand;

(c) what is the project now in view;

(d) for how many months in the year is it capable of water supply;

(e) how many acres of land roughly can be irrigated by this system;

LIBRARY ARCHIVES Kerala Legislative Assembly

## APPENDIX III.

*(Vide Answer to Question No. 177.)*

ബഹുമാനപ്പെട്ട കൊച്ചി ദിവാൻ സായ്പവർകളുടെ മുമ്പാകെ നെട്ടൂർ ഉള്ളാടന്മാവിലെ നിവാസികൾ ബോധിപ്പിയ്ക്കുന്ന സങ്കടഹർജ്ജി.

മഹാരാജാവു് തിരുമനസ്സിലെ ബഹുമാനപ്പെട്ട ഗവൺമെണ്ടു് അഗതികളായ ഉള്ളാടന്മാരോടു് കാണിയ്ക്കുന്ന ദയയ്ക്കു് ഞങ്ങൾ പ്രത്യേകം നന്ദി പറയുന്നു. എങ്കിലും കാളനി നിവാസികളായ ഞങ്ങളുടെ സ്ഥിതി ഇപ്പോഴും വലിയ കഷ്ടത്തിൽതന്നെയാണു്. കാളനിയിലെ കൺട്രാക്ടു് പണികളെല്ലാം വേലയില്ലാതെ കഷ്ടപ്പെടുന്നവരും അഗതികളുമായ ഞങ്ങളെ ഏല്പിച്ചിരുന്നുവെങ്കിൽ അതു് ഞങ്ങളുടെ ദാരിദ്ര്യശമനത്തിനു് ഞങ്ങൾക്കു് വലിയ അനുഗ്രഹമായിരുന്നു. എന്നാൽ അധഃകൃതവകുപ്പിൽനിന്നും ആ പണികളെല്ലാം പെൻഷൻ സ്റ്റാമ്പു് സൂപ്പെണ്ടായ ഒരു കുസ്ത്യാനിക്കു് കൊടുക്കുകയാണുണ്ടായതു്. അദ്ദേഹം ഞങ്ങളോടു് തീരെ ദയവില്ലാത്ത ആളാണെന്നുള്ളതിനും പുറമേ ഞങ്ങളെ ഇപ്പോൾ പലപ്രകാരത്തിലും കഷ്ടപ്പെടുത്തിവരികയും ചെയ്യുന്നു. കൺട്രാക്ടുകാരനും അധഃകൃതസംരക്ഷകൻ മിസ്റ്റർ മാമൻ ചോഫനും സ്ഥലത്തു വന്നപ്പോൾ ഞങ്ങൾ താണുകേണപേക്ഷിയ്ക്കയാൽ രണ്ടു കണ്ടം മണ്ണിട്ടു നികത്തുന്ന പണി ഒരു ഈഴവർക്കു കൊടുക്കാൻ തീർച്ചയാക്കിയിരുന്നതു് നൂറു രൂപയ്ക്കു് ഞങ്ങളെ ഏല്പിക്കുകയും ആ വിശ്വാസംപോലെ ചിലവിനുള്ള പണം കൺട്രാക്ടർ തരുമെന്നു പറയുകയും ചെയ്തു. ഇതനുസരിച്ചു് ഞങ്ങളെല്ലാവരും കൂടി ഒരു കണ്ടം മുഴുവനും രണ്ടാമത്തെ കണ്ടം പകുതിയും നികത്തുകയും ചെയ്തു. ആകെ നാളിതുവരെ ഞങ്ങൾക്കു് പലതവണയായി ഉർക്കർണ്ണ. മാത്രമേ തന്നിട്ടുള്ളു. പണിചെയ്യുന്നതുകൊണ്ടു് ഉടനെ പണം കിട്ടുമെന്നുള്ള വിശ്വാസത്തിന്മേൽ ഉമ്പുകയിൽപരം പലരോടും കടം വാങ്ങിയാണു് ഞങ്ങൾ ചിലവു കഴിച്ചിട്ടുള്ളതു്. കടക്കാർ ഞങ്ങളെ വല്ലാതെ ബുദ്ധിമുട്ടിയ്ക്കുന്നു. കൺട്രാക്ടരോടു് പണം ചോദിയ്ക്കുമ്പോൾ ഞങ്ങളെ ശകാരിയ്ക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്നു. മൂന്നു കണ്ടം മുഴുവനും നികത്തണമെന്നാണു് ഇപ്പോൾ കൺട്രാക്ടർ പറയുന്നതു്. ഈ കണ്ടങ്ങളെല്ലാം നികത്തുന്നതിനു് ഗവൺമെണ്ടിൽനിന്നും വലിയ ഒരു സംഖ്യ അനുവദിച്ചിട്ടുണ്ടെന്നു കേൾക്കുന്നു. അതുകൊണ്ടു് ഞങ്ങളുടെ സംഖ്യ തരുവിച്ചു് സങ്കടനിവൃത്തിയുണ്ടാക്കിത്തരുവാൻ അപേക്ഷിയ്ക്കുന്നു.

കാളനിയിലെ കമ്പിവേലി ഇടുന്നതിന്റെ കൂലിപ്പണിക്കു് 80 രൂപാ അനുവദിച്ചിട്ടുണ്ടെന്നാണു് കേൾക്കുന്നതു്. ഈ പണിയെല്ലാം ഞങ്ങളെകൊണ്ടാണു് ചെയ്യിച്ചതു്. ആകെ മൂന്നു രൂപാ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ ഞങ്ങൾക്കു് ആ വകയിൽ കൂലി തന്നിട്ടുള്ളു. അതെ ന്നു,000 രൂപാ കാളനിയിലെ പണികൾക്കായി അനുവദിച്ചിട്ടു ണ്ടെന്നറിയുന്നു. ഈ പണികളെല്ലാം ഞങ്ങളെകൊണ്ടു് ചെയ്തി ച്ചിരുന്നുവെങ്കിൽ പണികൾ നന്നായിരിയ്ക്കുന്നതിനും പുറമേ വേ ലയില്ലാതെ കഷ്ടപ്പെടുന്ന ഞങ്ങൾക്കു് അതു് ഒരു അനുഗ്രഹവും ആകുമായിരുന്നു. എന്നാൽ അതെല്ലാം കൺട്രാക്ടുകാരൻ വേറെ ആളുകളെകൊണ്ടു് വല്ലപാടും ചെയ്യിക്കുകയാണു് ചെയ്യുന്നതു്. കാളനിയിലെ കിണറു കെട്ടിയിരിക്കുന്നതു് തീരെ ഉപകാരപ്രദ മായ വിധത്തിലല്ല. അതിന്റെ പണിക്കു് തീരെ ഉറപ്പും ഇല്ല. ഞങ്ങൾ ഈ വക സംഗതികളെപ്പറ്റി പല തവണയും അധികൃ ത രക്ഷകന്റെ അടുക്കൽ ആവലാതി പറഞ്ഞിട്ടുണ്ടു്. കൺട്രാക്ടർ അധികൃത രക്ഷകന്റെ ഒരു വലിയ ചങ്ങാതിയാകയാൽ ഈ വി ഷയത്തിൽ അവിടെ നിന്നും ഞങ്ങൾക്കു് യാതൊരു സങ്കട നിവൃ ത്തിയും ഉണ്ടാകയില്ലെന്നാണു് ജന സംസാരം. അതുകൊണ്ടാ ണു് ഞങ്ങൾ സായ്പിന്റെ അടുക്കൽ സങ്കടം ബോധിപ്പിക്കുവാൻ വന്നിട്ടുള്ളതു്. അവിടുന്നു് ഉടനെ സ്ഥലത്തു എത്തുന്നതായാൽ ഞങ്ങൾ ബോധിപ്പിച്ചിട്ടുള്ളതെല്ലാം പരമാർത്ഥമാണെന്നു മനസി ലാകുന്നതാണു്. അതുകൊണ്ടു് സായ്വർകളുടെ ദയവുണ്ടായി കാളനിയിൽ വന്നുകണ്ടു് ഞങ്ങളുടെ സങ്കട നിവൃത്തി വരുത്തി ത്തരുമാറാകണമെന്നു് താഴ്മയായ അപേക്ഷിച്ചുകൊള്ളുന്നു. എ ന്നു് കാളനി നിവാസികളായ ഉള്ളാടന്മാർ.

| | | |
|---|---|---|
| ൧. | അയ്യപ്പൻ രാമൻ | (ഒപ്പു്). |
| ൨. | ചേന്നൻ വാവ | (ഒപ്പു്). |
| ൩. | പാപ്പു അയ്യപ്പൻ | (ഒപ്പു്). |
| ൪. | ഇട്ടിശങ്കരൻ | (ഒപ്പു്). |
| ൫. | കണ്ടൻ കണ്ടൻ | (ഒപ്പു്). |
| ൬. | ശങ്കരൻ കുഞ്ചൻ | (ഒപ്പു്). |
| ൭. | ചേന്നൻകുട്ടി | (ഒപ്പു്). |
| ൮. | കുട്ടിശങ്കരൻ | (ഒപ്പു്). |
| ൯. | കണ്ടൻ വേലു | (ഒപ്പു്). |
| ൧൦. | ബാവ അച്യുതൻ | (ഒപ്പു്) |

## APPENDIX IV.

*(Vide Answer to Question No. 179.)*

കൊച്ചി സംസ്ഥാനത്തെ ചീഫ് മെഡിക്കൽ ആൻഡ് സാ നിട്ടറി ആഫീസർ യജമാനൻ അവർകളുടെ മുമ്പാകെ കൊച്ചി കുണയന്നൂർ താലൂക്കു് എളങ്കുന്നപ്പുഴ വില്ലേജ് തെക്കുംമാലിപ്പുറം മുറിയിൽ മറൈത്തിത്തറ ഔസേപ്പ് ഉമ്മി ബോധിപ്പിക്കുന്ന ഹർജി സംഗതി.

LIBRARY ARCHIVES Kerala Legislative Assembly